11/1/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 2159*(2)/2020*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **878**/*എസ്.ഐ.സി-ജി* **6/20**)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ.പ്രസേനൻ എം.ജെ.,
മുളയ്ക്കൽ ഹൗസ്,
എങ്ങണ്ടിയൂർ പി.ഒ.,
തൃശ്ശൂർ – 680 615.** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
അണ്ടർ സെക്രട്ടറി,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,
പട്ടം, തിരുവനന്തപുരം.**

2. **അപ്പീൽ അധികാരി&
ജോയിന്റ് സെക്രട്ടറി, അഡ്വൈസ്(ലിറ്റിഗേഷൻ),
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,
പട്ടം, തിരുവനന്തപുരം.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 18.11. 2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 24.12.2019 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 24.12.2019 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 30.01.2020 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 07.01.2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 16.01. 2020 |
| ഹിയറിംഗ് നടന്ന തീയതി | 08.12.2022, കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.പ്രസേനൻ എം.ജെ., 07.01.2020ന് സമർപ്പിച്ച അപ്പീൽ ഹർജി 16.01.2020ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.2159(2)/20/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തിക രമല്ലെന്നാണ്.

3. ഹർജിക്കാരൻ 18.11.2019ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേ ക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, 2002 മുതൽ 2019വരെ പി.എസ്.സി.യിൽ നിന്ന് ബിവറേ ജസ് കോർപ്പറേഷനിൽ ഏതെല്ലാം തസ്തികകളിലാണ് ജോലിക്കെടുത്തിട്ടുള്ളതെന്നും 14 ജില്ലകളുടെയും വിവരങ്ങൾ നൽകണമെന്നും ഓരോ ജില്ലകളിലേയും വേർതിരിച്ചു നൽകണമെന്നും ബിവറേജസ് കോർപ്പറേഷനിൽ ജോലിക്കാരെ ആവശ്യപ്പെട്ടതിന്റെ കോപ്പി 14 ജില്ലകളിലെയും നൽകണമെന്നുമാണ്. ആയതിന് മറുപടി നൽകിയതായി കാണുന്നു.

4. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 30.01.2020ന് നൽകിയ മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നത്, ഹർജിക്കാരന്റെ അപേ ക്ഷയ്ക്ക് എസ്.പി.ഐ.ഒ. നൽകിയ മറുപടി വസ്തുനിഷ്ഠവും നിയമപരവുമാണെന്നു കാണുന്നുവെന്നും ടിയാൻ അപ്പീൽ സമർപ്പിച്ചിരിക്കുന്ന സാഹചര്യത്തിൽ 09.12.2019ലെ കത്തു പ്രകാരം ലഭ്യമായ വിവരം ഒന്നുകൂടി ശ്രദ്ധയിൽപ്പെടുത്തുന്നുവെന്നാണ്. ഹർജി ക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ബൃഹത്തായതിനാലും ക്രോഡീകരി ച്ചിട്ടില്ലാത്തതിനാലും ആയത് സമാഹരിക്കുന്ന പ്രവൃത്തി ഓഫീസ് പ്രവർത്തന സമയം അപഹരിക്കുമെന്നതിനാലും വിവരാവകാശ നിയമം 7(9) വകുപ്പ് പ്രകാരം നൽകുവാൻ നിർവ്വാഹമില്ലെന്നാണ്. എന്നാൽ ഹർജിക്കാരൻ താല്പര്യപ്പെടുന്ന പക്ഷം ലഭ്യമായ രേഖ കൾ മുൻകൂർ അനുമതിയോടെ പരിശോധിക്കുവാൻ അവസരം നൽകുന്നതാണെന്നും ആയതിനായി എസ്.പി.ഐ.ഒ.യ്ക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണെന്നും ഇപ്രകാരം ടി അപ്പീലിന്മേൽ മറ്റു നടപടികൾ ഇല്ലാത്തിനാൽ തീർപ്പാക്കി ഉത്തരവായെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർക ക്ഷിയെ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്നു ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ വിവ

രാവകാശ അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ലെന്നാണ് ടിയാൻ കമ്മീഷൻ മുമ്പാകെ ആക്ഷേപമുന്നയിച്ചിരിക്കുന്നത്. മൊഴിയും അനുബന്ധരേഖകളും റിപ്പോർട്ടും പരിശോധിച്ചതിൽ, ഹർജിക്കാരന് നൽകാവുന്ന വിവരങ്ങളെല്ലാം നൽകിയതായി കാണുന്നതിനാൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 ഡിസംബർ 26-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

Sd/

കമ്മീഷൻ സെക്രട്ടറി
Ge/